ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം പണി ഏറ്റെടുക്കുന്ന കരാറുകാർ തന്നെ പ്രവൃത്തിയുടെ ഗ്യാരന്റി പിരീഡിൽ ഉണ്ടാകുന്ന കേടുപാടുകൾ അവരുടെ ചെലവിൽ തന്നെ ചെയ്യേണ്ടതാണ്. ഇതുകൂടാതെ 5 വർഷം മെയിന്റനൻസ് ഗ്യാരണ്ടിയോടുകൂടി ഉപരിതലം പുതുക്കുന്നതിന് ഹെവി മെയിന്റനൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) റോഡിന്റെ ഉപരിതലത്തിൽ ഒരു നിശ്ചിത കാലത്തുണ്ടാകുന്ന കേടുപാടുകൾ നീക്കി റോഡ് പരിപാലിക്കുക, റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുക, റോഡിന്റെ പരിപാലനത്തിനുള്ള ആവർത്തനച്ചെലവ് കുറയ്ക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) റോഡുകളുടെ നിർമ്മാണത്തിന് മിനിമം ഗ്യാരണ്ടി ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 13-8-2013-ലെ സ.ഉ. (കൈ) നം. 59/2013/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി Defects liability period നിശ്ചയിച്ചുകൊണ്ട് 31-8-2013-ലെ സ.ഉ. (കൈ) നമ്പർ 73/2013/പൊ.മ.വ. ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കരാറുകാർ പണികൾ ഏറ്റെടുക്കുമ്പോൾ ടി പണികൾക്കായുള്ള ഗ്യാരണ്ടി പിരീഡ് നിശ്ചയിച്ചു നൽകുന്നതുകൊണ്ട് പ്രസ്തുത കാലയളവിൽ ടി പണികളുടെ അറ്റകുറ്റപ്പണികൾ അതാത് കരാറുകാർ തന്നെ ചെയ്യേണ്ടതാണ്.

മക്കരപ്പറമ്പ് ബൈപ്പാസ്

178(2819) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 966-ൽ ശ്വാസമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന മക്കരപ്പറമ്പ് ജംഗ്ഷനിലെ തിരക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബൈപ്പാസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ദേശീയ പാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly